# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3614 — 15.03.2018-ൽ മറുപടിക്ക്**

## വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് പദ്ധതി

| | ചോദ്യം<br>ശ്രീ. കെ.സി.ജോസഫ്<br>" എം. വിൻസെന്റ് : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് ആസൂത്രണ സമീപനത്തിൽ കാതലായ മാറ്റം വരുത്തി എച്ച്.റ്റി ശൃംഖലാ വികസനത്തിനും എൽ.റ്റി പ്രാദേശിക ലൈനുകളുടെ വികസനത്തിനും പ്രത്യേകം പദ്ധതികൾ അടുത്ത നാലുവർഷത്തേയ്ക്ക് ആസൂത്രണം ചെയ്തു വരുന്നു.<br>വിതരണ ശൃംഖല ശക്തിപ്പെടുത്തി ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും, വിതരണനഷ്ടം കുറയ്ക്കുന്നതിനുമായി പുതിയ 11 കെ.വി. ലൈനുകൾ നിർമ്മിക്കുക, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, നിലവിലുള്ള സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കി മാറ്റുക, നിലവിലുള്ള കമ്പികൾ മാറ്റി കൂടുതൽ ശേഷിയുള്ള കമ്പികൾ പകരമായി സ്ഥാപിക്കുക എന്നീ പ്രവൃത്തികൾ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്തു വരുന്നു. വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കാനായി മരച്ചില്ലകൾക്കിടയിലൂടെ കടന്ന് പോകുന്ന വൈദ്യുതി കമ്പികൾ ABC (Aerial Bunched Cable)/ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് മാറ്റുക, പ്രതിഷ്ഠാപനങ്ങൾ (instalation) നിശ്ചിത നിലവാരം (standards) പാലിച്ചുകൊണ്ടാണ് സ്ഥാപിക്കുന്നത് എന്ന് ഉറപ്പ് വരുത്തുക എന്നീ നടപടികളും സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിതരണ മേഖലയിൽ 3039 കിലോമീറ്റർ 11 കെ.വി. ലൈൻ നിർമ്മിക്കുകയും 3964 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, 3169 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും, 1399 കിലോമീറ്റർ എച്ച്. റ്റി. ലൈനും, 20,726 കിലോമീറ്റർ എൽ.റ്റി. ലൈനും റീ കണ്ടക്ടറിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്.<br>2021-ഓടു കൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതുമായ വൈദ്യുതി |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>വൈദ്യുതി പ്രതിഷ്ഠാപനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സോളാർ പ്ലാന്റുകൾ ഉൾപ്പെടെയുള്ള പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ വൈദ്യുതി ശൃംഖലയിലേയ്ക്ക് വളരെ എളുപ്പത്തിൽ കടത്തി വിടുന്നതിനും സഹായകരമാകുന്ന പ്രത്യേക പ്രവൃത്തികളും ആസൂത്രണത്തിന്റെ ഭാഗമാക്കിയിട്ടുണ്ട്. എച്ച്.റ്റി. ശൃംഖലാ വികസനത്തിന്റെ ആദ്യപടിയായി നിലവിലുള്ളതും പുതുതായി കൂട്ടിച്ചേർക്കാൻ പോകുന്നതുമായ വിതരണ ശൃംഖലയുടെ (എച്ച്.റ്റി. ശൃംഖല) രേഖാചിത്രം നൂതന സംവിധാനമായ ജി.ഐ.എസ്. വഴി തയ്യാറാക്കിക്കഴിഞ്ഞു. |
| (ബി) | ഈ പദ്ധതികൾക്കുള്ള തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനു വേണ്ട പ്രവൃത്തികൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തനതു ഫണ്ടുപയോഗിച്ചും, ഡി. ഡി. യു. ജി. ജെ. വൈ., ഐ.പി.ഡി.എസ്., ആർ.എ.പി.ഡി.ആർ.പി. എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേനയും നടപ്പിലാക്കിവരുന്നു. അടുത്ത നാല് വർഷത്തേയ്ക്കുള്ള പദ്ധതികൾക്ക് ഏകദേശം 4000 കോടി രൂപ വേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തനതു ഫണ്ടിനു പുറമേ ആവശ്യമായി വരുന്ന തുക KIIFB വഴി കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വെളിപ്പെടുത്തുമോ? | (സി) | ഈ പദ്ധതികൾ 2021 മാർച്ചോടു കൂടി പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്. |

Hemalatha

സെക്ഷൻ ഓഫീസർ